(ബി) പ്രസ്തുത കയ്യേറ്റം നിയമവിരുദ്ധമായതിനാൽ ഈ വ്യക്തിക്കെതിരെ ഭൂസംരക്ഷണനിയമപ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതു സംബന്ധിച്ച കൊല്ലം ജില്ലാ കളക്ടർ മുമ്പാകെയുള്ള റിവിഷൻ പെറ്റീഷനിൽ അന്തിമതീരുമാനം കൈക്കൊണ്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കൊട്ടാരക്കര ഗ്രാമപഞ്ചായത്തിൽ 16-ാം വാർഡിൽ പങ്ങാരശ്ശേരി ഏലായോടു ചേർന്നുള്ള കുഞ്ഞുകുഞ്ഞു തോടിന്റെ പുറമ്പോക്ക് കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂ സംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഭൂ സംരക്ഷണ നിയമപ്രകാരം കയ്യേറ്റ കക്ഷികൾക്ക് നോട്ടീസ് നൽകി ബന്ധപ്പെട്ടവരെ നേരിൽ കേട്ടതിനുശേഷം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് തഹസിൽദാർ, കൊട്ടാരക്കര, റവന്യൂ ഡിവിഷണൽ ഓഫീസർ കൊല്ലം എന്നിവർ യഥാക്രമം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ജില്ലാ കളക്ടർ മുമ്പാകെയുള്ള റിവിഷൻ പെറ്റീഷനിൽ സർവ്വേ വിഭാഗം വഴി നടപടി സ്വീകരിച്ചുവരുന്നു. അന്തിമ തീരുമാനം ആയിട്ടില്ല.

മൂന്നാർ ഒഴിപ്പിക്കൽ

178(884) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിൽ ഒഴിപ്പിക്കപ്പെട്ട വസ്തുവകകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) മൂന്നാർ ഒഴിപ്പിക്കൽ പദ്ധതിയിൽ എത്രമാത്രം പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ;

(സി) അനധികൃതമായി സർക്കാർ വസ്തുക്കൾ കയ്യേറുന്നവർക്ക് സഹായങ്ങൾ ചെയ്തുകൊടുക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ദേവികുളം താലൂക്കിൽ വിവിധ വില്ലേജുകളിൽ കയ്യേറ്റം ഒഴിപ്പിച്ച് ഏറ്റെടുത്ത ഭൂമി ചെങ്ങറ പാക്കേജിന്റെ ഭാഗമായും, ഭൂരഹിതരായ തോട്ടം തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് വിതരണം ചെയ്തിട്ടുണ്ട്. മൂന്നാറിൽ ദൗത്യ സംഘത്തിന്റെ കാലയളവിൽ 16 കേസ്സുകളിലായി 4713.93 ഹെക്ടർ പുറമ്പോക്ക് ഭൂമി വീണ്ടെടുത്തു. തുടർന്ന് 203-ഓളം കയ്യേറ്റങ്ങൾ കണ്ടെത്തുകയും 43-ഓളം

LIBRARY ARCHIVES Kerala Legislative Assembly

കയ്യേറ്റങ്ങൾ പൂർണ്ണമായും ഒഴിപ്പിക്കുകയും ബാക്കി കേസ്സുകളിൽ ഭൂസംരക്ഷണ നിയമപ്രകാരവും, ഭൂസംരക്ഷണ (ഭേദഗതി) നിയമപ്രകാരവും നടപടി സ്വീകരിച്ചും വരുന്നു. പല കയ്യേറ്റ കേസ്സുകളിലും കോടതി കേസ് നിലനിൽക്കുന്നതിനാൽ അവയിൽ തീരുമാനമായതിനുശേഷം മാത്രമേ ഒഴിപ്പിക്കൽ നടപടി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(സി) ഇടുക്കി ജില്ലയിലെ വിവിധ താലൂക്കുകളിൽ നടന്ന അനധികൃത കയ്യേറ്റം, വ്യാജപട്ടയ വിതരണം എന്നിവയുമായി ബന്ധപ്പെട്ട് 18 ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ഇതിൽ സർവ്വീസിൽ നിന്നും വിരമിച്ച 3 ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു. ശ്രീ. കെ. കെ. ഹരിഹരൻപിള്ള, ശ്രീ കെ. ജെ ചാക്കോ, ശ്രീമതി എം. കെ. ഉഷാദേവി, ശ്രീ. ജോയ് വർഗ്ഗീസ്, ശ്രീ. എം. ജി. സാബു എന്നിവർക്കെതിരെ വിജിലൻസ് കേസ് നിലവിലുണ്ട്. മറ്റുള്ളവർക്കെതിരെ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിട്ടുമുണ്ട്. അച്ചടക്ക നടപടി തുടർന്നുവരുന്നു.

ആലുവ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിലെ കളിസ്ഥലം

179(885) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ മണ്ഡലത്തിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിലെ അശോകപുരത്തുള്ള കളിസ്ഥലം റവന്യൂ പുറമ്പോക്കായി രേഖകളിൽ കാണുന്നതുമൂലം വ്യക്തികൾക്ക് പട്ടയം നൽകുന്നതിന് റവന്യൂ വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ :

(ബി) ഈ കളിസ്ഥലം പ്രസ്തുത ഗ്രാമപഞ്ചായത്തിന്റെ ഗ്രൗണ്ടായി നിലനിർത്തുന്നതിന് വിട്ടുകൊടുക്കാൻ തയ്യാറാകുമോ ;

(സി) വളരെ വർഷങ്ങളായി കായികവിനോദങ്ങൾക്ക് ഗ്രൗണ്ടായി ഉപയോഗിക്കുന്നതും അശോക കമ്പനി ഗ്രാമപഞ്ചായത്തിന് നൽകിയതുമായ കളിസ്ഥലം വ്യക്തികൾക്ക് പട്ടയമായി പതിച്ചുനൽകാനുള്ള നടപടി ഉപേക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സ്ഥലം 17-12-2009-ലെ പട്ടയ മേളയിൽ പരിഗണിച്ച് മിച്ചഭൂമി പട്ടയ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിരുന്നതും പരാതി കാരണം നറുക്കെടുപ്പ് നടന്നിട്ടില്ലാത്തതുമാണ്.

(ബി) പഞ്ചായത്ത് ആവശ്യപ്പെടുന്നപക്ഷം ഈ വിഷയം പരിശോധിക്കുന്നതാണ്.

(സി) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly